16858
1/8/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-അനധികൃത ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്നും നീക്കം ചെയ്ത പ്യൂൺ ശ്രീ.ബേബി മാത്യു സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ) നം.261/2017/വനം തീയതി, തിരുവനന്തപുരം, 14.07.2017

പരാമർശം :
1) 07.11.2009 ലെ പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 2-2418/08 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
2) 10.02.2010 ലെ പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 2-2418/08 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3) 23.03.2010 ലെ പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 2-2418/08 നമ്പർ ഉത്തരവ്
4) 10.06.2014 തീയതിയായി ശ്രീ.ബേബി മാത്യു സമർപ്പിച്ച അപ്പീൽ
5) 28.01.2015 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ, കോട്ടയത്തിന്റെ ഇ 1-3013/13 നമ്പർ ഉത്തരവ്
6) 20.10.2013 തീയതിയായി ശ്രീ.ബേബി മാത്യു ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം
7) 03.11.2015 ലെ 13716/എ 1/2013/വനം നമ്പർ സർക്കാർ കത്ത്
8) 30.07.2016 ലെ ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ ബി9-25466/14 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അനധികൃത ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ പ്യൂണായി ജോലി നോക്കിയിരുന്ന ശ്രീ. ബേബി മാത്യുവിന് പരാമർശം (1) പ്രകാരം പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ടിയാനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

(i) 15.02.2008 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുകയും അതുവഴി ഗുരുതരമായ അച്ചടക്കലംഘനം നടത്തുകയും ചെയ്തു.

(ii) നിരന്തരമായ അറിയിപ്പുകൾക്കൊടുവിൽ 07.04.2009 ൽ ഡ്യൂട്ടിയിൽ പ്രവേശിച്ച ശേഷം രണ്ടു ദിവസത്തെ കാഷ്വൽ ലീവ് അപേക്ഷ സമർപ്പിച്ച ശേഷം അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നു.

(iii) ജോലിയിൽ നിന്ന് മന:പൂർവ്വം വിട്ടു നിൽക്കുന്നതും ടിയാനിൽ അർപ്പിതമായ ജോലി ചെയ്യാതിരിക്കുന്നതു മൂലം ഓഫീസിലെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് സൃഷ്ടിച്ചു.

2) കുറ്റപത്രത്തിന് ശ്രീ. ബേബി മാത്യു പ്രതിവാദപത്രിക സമർപ്പിക്കാത്തതിനാൽ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിക്കുകയും പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. വിശദീകരണമൊന്നും സമർപ്പിക്കാത്തതിനാൽ ടിയാനെ 15.02.2008 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിനെതിരെ ശ്രീ.ബേബി മാത്യു പരാമർശം (4) പ്രകാരം അപ്പീൽ സമർപ്പിച്ചു. 31.03.2010 ൽ വിരമിക്കേണ്ടതായ ടിയാനെ 23.03.2010 ൽ നീക്കം ചെയ്ത ഉത്തരവിന് എതിരായി ടിയാൻ യഥാസമയം അപ്പലേറ്റ് അതോറിറ്റിക്ക് അപ്പീൽ നൽകാതെ ഏതാണ്ട് 5 വർഷങ്ങൾക്കു ശേഷമാണ് അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത കാലതാമസത്തിന് ടിയാനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. മാനസിക അസ്വസ്ഥത മൂലവും, ക്യാൻസർ രോഗിയും പിന്നീട് മരണപ്പെട്ടുപോയതുമായ ഭാര്യയുടെ ചികിത്സക്കുവേണ്ടിയും നടന്നതിനാലാണ് യഥാസമയം അപ്പീൽ നൽകാതിരുന്നത് എന്ന് ടിയാൻ മൊഴി നൽകുകയുണ്ടായി. ഇത് തൃപ്തികരമായി കാണാത്തതിനാൽ ടിയാന്റെ അപ്പീൽ പരാമർശം (5) പ്രകാരം നിരസിക്കപ്പെട്ടു.

3) ശ്രീ. ബേബി മാത്യു ബഹു.മുഖ്യമന്ത്രി മുമ്പാകെ തന്റെ ഭാഗത്തു നിന്നുണ്ടായ മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി 15.02.2008 മുതൽ 31.03.2010 വരെയുള്ള അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി പരിഗണിച്ചും പിരിച്ചുവിടൽ റദ്ദാക്കിക്കൊണ്ടും തനിക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും പരാമർശം (6) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

4) മേൽ വിഷയം വിശദമായി പരിശോധിച്ചതിൽ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് ശ്രീ. ബേബി മാത്യുവിന് നൽകിയിരുന്നത്. അതിനാൽ കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് മുമ്പ് ചട്ട പ്രകാരം

ഒരു ഔപചാരികാന്വേഷണം നടത്തേണ്ടതായിരുന്നു. ഒരു ഔപചാരിക അന്വേഷണം നടത്താത്തത് ടിയാൻ തന്റെ നിവേദനത്തിൽ പരാമർശിച്ചിട്ടുമുണ്ട്. അതിനാൽ ടി വിഷയം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർക്ക് പരാമർശം (7) പ്രകാരം നിർദ്ദേശം നൽകി.

5) ടി നിർദ്ദേശ പ്രകാരം അന്വേഷണം നടത്തി പരാമർശം (8) പ്രകാരം ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ റിപ്പോർട്ടും അതിന്മേൽ അഭിപ്രായവും ലഭ്യമാക്കി.

6) 28.06.2016 തീയതിയിൽ രാവിലെ 11 മണിക്ക് പെരിയാർ ഈസ്റ്റ് ഡിവിഷൻ (പ്രോജക്ട് ടൈഗർ) ഡെപ്യൂട്ടി ഡയറക്ടറുടെ ചേമ്പറിൽ വച്ച് നടത്തിയ ഹിയറിംഗിൽ പ്യൂൺ ശ്രീ. ബേബി മാത്യുവിന്റെ മൊഴി രേഖപ്പെടുത്തുകയുണ്ടായി. ശ്രീ.ബേബി മാത്യു, പെരിയാർ ഈസ്റ്റ് ഡിവിഷനിൽ പ്യൂണായി ജോലി ചെയ്തു വരവേ 15.02.2008 മുതൽ 23.03.2008 വരെ ശൂന്യവേതനാവധിക്ക് അപേക്ഷ നൽകി 14.02.2008 ൽ ആസ്ഥാനം വിടുകയും 24.03.2008 മുതൽ 31.08.2008 വരേയും തുടർന്ന് 01.09.2008 മുതൽ 31.12.2008 വരെയും ശൂന്യവേതനാവധിക്കുള്ള അപേക്ഷ തപാലിൽ അയയ്ക്കുകയും ചെയ്തു. എന്നാൽ ഡെപ്യൂട്ടി ഡയറക്ടർ അവധി അംഗീകരിക്കാതെ ജോലിക്ക് ഹാജരാകാൻ നിർദ്ദേശിച്ചു. 26.10.2008-ൽ ക്യാൻസർ രോഗിയായ ഭാര്യ മരണപ്പെട്ടതുൾപ്പെടെ കുടുംബത്തിലെ മോശ സാഹചര്യവും അതേ തുടർന്നുണ്ടായ മാനസികാസ്വാസ്ഥ്യവും കാരണമാണ് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളിന്മേൽ യഥാസമയം അപ്പീൽ നൽകുന്നതിനോ പെരിയാർ ഈസ്റ്റ് ഡിവിഷൻ (പ്രോജക്ട് ടൈഗർ) ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടുന്നതിനോ ടിയാന് സാധിക്കാതിരുന്നത്.

7) അനധികൃത ഹാജരില്ലായ്മയുടെ പേരിൽ എടുത്ത അച്ചടക്കനടപടിയുടെ ഭാഗമായി 31.03.2010 ൽ പെൻഷൻ ആകേണ്ടിയിരുന്ന ടിയാനെ 23.03.2010 ലെ ഉത്തരവിലൂടെ പിരിച്ചു വിടുകയും ടി പിരിച്ചു വിടലിനെതിരെ ടിയാൻ ഫീൽഡ് ഡയറക്ടർക്കു നൽകിയ അപ്പീൽ, അപ്പീൽ കാലാവധി കഴിഞ്ഞു എന്ന സാങ്കേതിക കാരണത്താൽ നിരസിച്ചു. എന്നാൽ മനുഷ്യത്വപരമായ സമീപനം സ്വീകരിച്ചുകൊണ്ട് ടിയാൻ ജോലി ചെയ്ത 16 വർഷ കാലയളവിലെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അപ്പീൽ അധികാരി ശുപാർശ ചെയ്യുകയുണ്ടായെന്ന് ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ അറിയിച്ചു.

8) അപ്പീൽ അധികാരിയുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് ശ്രീ.ബേബി മാത്യുവിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ഉത്തരവ് റദ്ദാക്കുന്നതിനും, ജോലിയിൽ നിന്നും വിട്ടു നിന്ന 15.02.2008 മുതൽ 31.03.2010 വരെയുള്ള കാലം

ശൂന്യവേതനാവധിയായി ക്രമപ്പെടുത്തുന്നതിനും, ടിയാന്റെ സർവ്വീസ് കാലം പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും പരാമർശം (8) പ്രകാരം ഭരണ വിഭാഗം ഉപ മുഖ്യ വനപാലകൻ ശുപാർശ ചെയ്തു.

9) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് പ്രകാരം കഠിന ശിക്ഷ നൽകുന്നതിനുള്ള കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല ശ്രീ.ബേബി മാത്യുവിനെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടത്. അതിനാൽ ഔപചാരികാന്വേഷണം നടത്താതെ ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്ത ശിക്ഷണാധികാരിയുടെ ഉത്തരവ് ചട്ട പ്രകാരമല്ല.

10) മേൽ സാഹചര്യത്തിൽ ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ ശുപാർശ അംഗീകരിച്ച് ശ്രീ.ബേബി മാത്യു സർക്കാരിൽ സമർപ്പിച്ച നിവേദനം കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം റിവ്യൂ ഹർജിയായി സ്വീകരിച്ച്, ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട പെരിയാർ ടൈഗർ റിസർവ്വ് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ (ടിയാൻ ജോലിയിൽ നിന്നും വിട്ടു നിന്ന 15.02.2008 മുതൽ 31.03.2010 വരെയുള്ള കാലം ശൂന്യവേതനാവധിയായി ക്രമപ്പെടുത്തുന്നതിനും സർവ്വീസ് കാലം പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും വേണ്ട ശുപാർശ സമർപ്പിക്കേണ്ടതാണ്)
ശ്രീ. ബേബി മാത്യു പ്യൂൺ (റിട്ട.) (ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ